(സി) തീരദേശവാസികൾ കെട്ടിട നിർമ്മാണ കാര്യങ്ങളിൽ അനുഭവിക്കുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിലുള്ള ചട്ടങ്ങളിലെ ചില വ്യവസ്ഥകൾ ലഘൂകരിക്കണമെന്ന ആവശ്യം ഉയർന്നുവന്ന .സാഹചര്യത്തിൽ ചട്ടങ്ങളിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾക്ക് രൂപം കൊടുത്തു വരികയാണ്.

(ബി) കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണചട്ടങ്ങൾ ബാധകമായിട്ടുള്ള പ്രദേശങ്ങളിൽ 125 ച.മീറ്റർ വിസ്തൃതിയുള്ള ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് അനുകൂലമായ വ്യവസ്ഥകൾ ചട്ടങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) കേന്ദ്ര ഗവൺമെന്റിന്റെ തീരദേശ പരിപാലന നിയമംമൂലം ഉള്ള (സി.ആർ.ഇ.യ്ക്ക്) നിയന്ത്രണങ്ങളിലെ അപാകതകൾ പരിഹരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

സാനിട്ടറി കക്കൂസിന് ധനസഹായം

89 (1450)ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

വിവിധ വകുപ്പുകൾ മുഖേന 1998-99 വർഷത്തിൽ എത്ര സാനിട്ടറി കക്കൂസിന് ധനസഹായം നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

ഉത്തരം

1998-99 വർഷത്തിൽ ഗ്രാമവികസന വകുപ്പ് മുഖാന്തിരം 47,493 സാനിട്ടറി കക്കൂസുകൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.† മറ്റു വകുപ്പുകളിൽ നിന്നുള്ള വിവരം ശേഖരിച്ചുവരുന്നു.

വേനൽക്കാലത്തെ ശുദ്ധജലവിതരണം

90 (1451)ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോർപ്പറേഷന്റെ കീഴിൽ ശുദ്ധജല വിതരണം നടത്തുന്നതിനായി എത്ര വാഹനങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വരുന്ന വേനൽക്കാലത്ത് നിലവിലുള്ള വാഹനങ്ങൾ ഉപയോഗിച്ച് ശുദ്ധജല വിതരണം കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുവാൻ കഴിയുമോ;

(സി) ഇല്ലെങ്കിൽ ഈ കാര്യത്തിൽ എന്ത് നടപടികളാണ് സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly